I.ഇ.ബി. XII കേരള നിയമസഭ/X-2

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2009 ഫെബ്രുവരി 16, തിങ്കൾ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

**മുൻ രാഷ്ട്രപതി ആർ. വെങ്കട്ടരാമന്റെ നിര്യാണം**

മി. സ്പീക്കർ: ഇന്ത്യയുടെ എട്ടാമത് രാഷ്ട്രപതിയായിരുന്ന ആർ. വെങ്കട്ടരാമൻ 2009 ജനുവരി 27-ന് അന്തരിച്ചു. ഭരണഘടനാ വിദഗ്ദ്ധനായ ഒരു രാഷ്ട്രതന്ത്രജ്ഞനെയാണ് അദ്ദേഹത്തിന്റെ വിയോഗംമൂലം രാജ്യത്തിന് നഷ്ടമായത്. 1910-ാമാണ്ട് ഡിസംബർ 4-ാം തീയതി തമിഴ്നാട്ടിലെ തഞ്ചാവൂരിനടുത്തുള്ള പട്ടുക്കോട്ടയിൽ കെ. രാമസ്വാമി അയ്യരുടെ മകനായി ജനിച്ച അദ്ദേഹം മദ്രാസ് സർവ്വകലാശാലയിൽനിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദമെടുത്തശേഷം മദ്രാസ് ലോ കോളേജിൽനിന്നും നിയമ ബിരുദം നേടി. 1942-ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കുകയും രണ്ട് വർഷം തടവുശിക്ഷ അനുഭവിക്കുകയും ചെയ്തു. 1950-ലെ ഇടക്കാല പാർലമെന്റിലും കോൺസ്റ്റിറ്റ്യുന്റ് അസംബ്ലിയിലും അംഗമായിരുന്നു. അദ്ദേഹം 1952-ൽ തഞ്ചാവൂരിൽ നിന്ന് ആദ്യമായി ലോക്സഭാംഗമായി തെരഞ്ഞെ

ടുക്കപ്പെട്ടു. കാമരാജ് മന്ത്രിസഭയിൽ വ്യവസായ വകുപ്പുമന്ത്രിയായിരിക്കെ അനേകം വ്യവസായ സംരംഭങ്ങൾക്ക് നാന്ദി കുറിക്കുകയും തമിഴ്നാടിനെ വ്യാവസായിക മുന്നേറ്റത്തിലേയ്ക്ക് നയിക്കുകയും ചെയ്തു. 1967 മുതൽ 1971-വരെ കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗമായി പ്രവർത്തിച്ചു. 1977-ലും 1980-ലും ലോക്സഭാംഗമായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 1935, 1955, 1956 എന്നീ വർഷങ്ങളിലും 1958 മുതൽ 1961 വരെയും ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ പ്രതിനിധിയായിരുന്നു. യുണൈറ്റഡ് നേഷൻസ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 1955 മുതൽ 1979 വരെ അംഗമായിരുന്ന അദ്ദേഹം 1968 മുതൽ 1979 വരെ അതിന്റെ അദ്ധ്യക്ഷ സ്ഥാനവും വഹിച്ചിരുന്നു. 1980-ൽ ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ ധനമന്ത്രിയായിരുന്ന അദ്ദേഹം 1982-ൽ പ്രതിരോധ മന്ത്രിയായി സ്ഥാനമേറ്റു. ഈ കാലയളവിൽ ഇന്ത്യയുടെ മിസൈൽ പദ്ധതിക്ക് അടിത്തറയിട്ടത് ഇന്ത്യൻ പ്രതിരോധ സംവിധാനത്തിന്റെ എക്കാലത്തെയും നേട്ടമാണ്. 1984 ജൂലൈയിൽ അദ്ദേഹം ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1987 ജൂലൈ 25-ന് ഇന്ത്യയുടെ എട്ടാമത് രാഷ്ട്രപതിയായി ചുമതലയേറ്റു. തീരുമാനങ്ങളിൽ കാർക്കശ്യം പുലർത്തിയിരുന്നുവെങ്കിലും വ്യക്തിജീവിതത്തിൽ എപ്പോഴും സൗമ്യത കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴും അഭിപ്രായപ്രകടനങ്ങൾ നടത്തുമ്പോഴും വിമർശകരുടെ വാക്കുകളെ തെല്ലും ഭയപ്പെട്ടിരുന്നില്ല. ഒരു ഭരണതന്ത്രജ്ഞന്റെ നൈപുണ്യം എപ്പോഴും

അദ്ദേഹം നിലനിർത്തിപ്പോന്നു. നിർണ്ണായകമായ രാഷ്ട്രീയ പ്രതിസന്ധികളിൽ രാഷ്ട്രപതിയുടെ അധികാരം സംബന്ധിച്ചും മറ്റും അദ്ദേഹം നൽകിയ വിശദീകരണങ്ങളും നിർവ്വചനങ്ങളും പിൻഗാമികൾക്ക് എന്നും ഒരു മുതൽക്കൂട്ടാണ്. 1992-ലെ അദ്ദേഹത്തിന്റെ ചൈന സന്ദർശനം ഒരു ഇന്ത്യൻ പ്രസിഡന്റിന്റെ ആദ്യ ചൈന സന്ദർശനമെന്ന നിലയിൽ ചരിത്രത്തിന്റെ ഭാഗമായി. അദ്ദേഹത്തിന്റെ ആത്മകഥാപരമായ "മൈ പ്രസിഡൻഷ്യൽ ഇയേഴ്സ്" എന്ന പുസ്തകം ജനാധിപത്യ പ്രക്രിയയിൽ ഭരണാധികാരിയുടെ വെല്ലുവിളികളുടേയും ചുമതലകളുടേയും നേർചിത്രം ഇന്ത്യൻ ജനമനസ്സുകളിൽ തുറന്നുവച്ചു. ഒരു മതേതര പുരോഗമന സാമൂഹ്യ വ്യവസ്ഥിതി എന്നും നിലനിൽക്കണമെന്നാഗ്രഹിക്കുകയും അതിനുവേണ്ടി ജീവിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ വിയോഗം ഇന്ത്യൻ ജനാധിപത്യത്തിന് ഒരു തീരാനഷ്ടമാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മുൻ രാഷ്ട്രപതിയെ സംബന്ധിച്ച് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഉജ്ജ്വലമായ പങ്ക് വഹിച്ച അദ്ദേഹം വർഗ്ഗീയതയ്ക്കും ജാതിസ്പർദ്ധയ്ക്കും എതിരായി അതിശക്തമായ നിലപാട് എടുത്ത പ്രസിഡന്റ് ആയിരുന്നു. മികച്ച പാർലമെന്റേറിയൻ, ആസൂത്രണ വിദഗ്ദ്ധൻ, ഭരണാധികാരി, നിയമജ്ഞൻ എന്നീ നിലകളിൽ ദേശീയ രംഗത്ത് തിളങ്ങിയ ഒരു നേതാവായിരുന്നു. ഏതെങ്കിലും ഒരു കക്ഷിക്കും മുന്നണിക്കും ഭരണാധികാരം ലഭിക്കാതിരുന്ന ഘട്ടത്തിൽ രാഷ്ട്രത്തെ നീതിയുക്തമായും നിഷ്പക്ഷമായും ധീരമായും നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ

വേർപാട് കനത്ത നഷ്ടമാണ് രാജ്യത്തിന് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : മുൻ രാഷ്ട്രപതി ആർ. വെങ്കട്ടരാമനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും യോജിക്കുകയാണ്. അദ്ദേഹം പ്രവർത്തിച്ച മേഖലകളിലെല്ലാം അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കുകയും തന്റേതായ വ്യക്തിത്വം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാലം കോൺഗ്രസ് രാഷ്ട്രീയത്തിൽ അദ്ദേഹം നിറഞ്ഞു നിന്നു. 1957 മുതൽ 1967-വരെ മദ്രാസ്സ് സ്റ്റേറ്റിൽ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ആ സംസ്ഥാനത്ത് വ്യവസായ രംഗത്ത് വലിയ പുരോഗതിയുണ്ടായി. 1980-ൽ ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ നാണ്യപ്പെരുപ്പം 22 ശതമാനത്തിൽ നിന്ന് രണ്ട് ശതമാനമായി കുറച്ചപ്പോൾ അദ്ദേഹം സ്വീകരിച്ച ധനകാര്യ മാനേജ്മെന്റ് അങ്ങേയറ്റം പ്രശംസ നേടി. രാഷ്ട്രപതി എന്ന നിലയിൽ അദ്ദേഹത്തിന് മൂന്ന് ന്യൂനപക്ഷ പ്രധാനമന്ത്രിമാരെ സത്യപ്രതിജ്ഞ ചെയ്യിക്കേണ്ട സാഹചര്യമുണ്ടായി. പി.വി. നരസിംഹറാവു പ്രധാനമന്ത്രി ആകുമ്പോൾ ഭൂരിപക്ഷത്തിന് 30 എം.പി മാരുടെ കുറവ് ഉണ്ടായിരുന്ന സമയത്ത് അദ്ദേഹം എടുത്ത തീരുമാനം ശക്തമായിരുന്നു. വിവാദങ്ങൾക്ക് അതീതമായി തീരുമാനമെടുത്ത ഒരു രാഷ്ട്രപതിയായിരുന്നു അദ്ദേഹം. രാഷ്ട്രപതിയുടെ അധികാരത്തെക്കുറിച്ചും ആ അധികാരം വിനിയോഗിക്കുന്നതിനെക്കുറിച്ചും നിർണ്ണായകമായ പല തീരുമാനങ്ങൾ എടുത്തതും അതിന്റെ വ്യാഖ്യാനങ്ങൾ നടത്തിയതും പിന്നീട് വന്ന രാഷ്ട്രപതിമാർക്ക് മാർഗ്ഗദർശകമായിരുന്നു. ആ വലിയ വ്യക്തിത്വത്തിന്റെ നഷ്ടം രാജ്യത്തിന് നേരിട്ട നഷ്ട

മാണ്. ആ നഷ്ടത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും ദു:ഖം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഇന്ത്യയുടെ എട്ടാമത്തെ രാഷ്ട്രപതിയായിരുന്ന ആർ. വെങ്കട്ടരാമന്റെ വേർപാടിൽ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. ഇന്ത്യയുടെ പ്രക്ഷുബ്ധമായ രാഷ്ട്രീയ സാഹചര്യങ്ങളിൽ സമനില വിടാതെ ഈ രാജ്യത്തെ നയിച്ച അപൂർവ്വമായ ഇന്ത്യൻ പ്രസിഡന്റുമാരിൽ ഒരാളായിരുന്നു അദ്ദേഹം. തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പൊതുപ്രവർത്തനരംഗത്തേയ്ക്ക് കടന്നുവന്ന അദ്ദേഹം എല്ലാ മേഖലകളിലും അസൂയാവഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. പഴയതലമുറയുടെ അനുഭവസമ്പന്നരായ രാഷ്ട്രീയ നേതാക്കന്മാർ ഓരോരുത്തരായി നഷ്ടപ്പെടുകയാണ്. മുൻ രാഷ്ട്രപതിയുടെ വേർപാടിൽ ഞാനും എന്റെ പ്രസ്ഥാനവും അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: ആർ. വെങ്കട്ടരാമന്റെ വിയോഗത്തോടുകൂടി സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി പോരാളിയായിരുന്ന ഒരു ദേശീയ നേതാവിനെക്കൂടി ഭാരതത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ അദ്ദേഹം ചെയ്ത സംഭാവനകൾ മറക്കാൻ കഴിയില്ല. ലോക്സഭാംഗമായും സംസ്ഥാനമന്ത്രിസഭയിലെ അംഗമായും കേന്ദ്രമന്ത്രിസഭയിൽ അംഗമായും ഉപരാഷ്ട്രപതിയായും രാജ്യത്തിന്റെ പരമോന്നതപദവിയായ രാഷ്ട്രപതിയായും സ്ഥാനം വഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ത്യൻ പ്രസിഡന്റ് എന്ന നിലയിൽ സങ്കീർണ്ണമായ

പ്രശ്നങ്ങളേയും ജനാധിപത്യത്തിന്റെ പുതിയ വെല്ലുവിളികളേയും അദ്ദേഹത്തിന് നേരിടേണ്ടതായി വന്നിട്ടുണ്ട്. ആ സന്ദർഭത്തിൽ എടുത്ത തീരുമാനങ്ങൾ അദ്ദേഹത്തിന്റെ നിയമപാണ്ഡിത്യവും അനുഭവസമ്പത്തും പ്രായോഗികബുദ്ധിയുമൊക്കെ തെളിയിക്കുന്നതായിരുന്നു. ഭരണഘടനയുടെ അന്ത:സ്സത്ത ഉയർത്തുന്ന തരത്തിലുള്ള തീരുമാനങ്ങളാണ് അദ്ദേഹം എടുത്തിരുന്നത്. അദ്ദേഹത്തിന്റെ വിയോഗം രാഷ്ട്രത്തിനുണ്ടാക്കിയ ദു:ഖത്തിൽ ഞാനും എന്റെ കക്ഷിയും പങ്കുചേരുന്നു.

ശ്രീ. ജോസ് തെറ്റയിൽ: ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. ഇന്ത്യയുടെ ഏഴാമത്തെ വൈസ് പ്രസിഡന്റും എട്ടാമത്തെ പ്രസിഡന്റുമായ രാമസ്വാമി വെങ്കട്ടരാമൻ സ്വാതന്ത്ര്യപൂർവ്വ രാഷ്ട്രത്തിന്റെ അപൂർവ്വ സംഭാവനകളിൽ ഒന്നായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ ആകൃഷ്ടനായി രാഷ്ട്രീയത്തിൽ എത്തിയ അഭിഭാഷകനായ അദ്ദേഹത്തെയാണ് സ്വാതന്ത്ര്യ സമരകാലത്ത് മലയായിലും സിങ്കപ്പൂരിലും തടവിലായ ഇന്ത്യൻ രാഷ്ട്രീയ ഭടൻമാരെ വിമോചിപ്പിക്കുന്നതിന് കേസ് നടത്താൻ ഇന്ത്യ നിയോഗിച്ചത്. മദിരാശിയിലെ അറിയപ്പെടുന്ന ട്രേഡ് യൂണിയൻ നേതാവായിരുന്ന അദ്ദേഹം തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ കാണിച്ച പ്രാവീണ്യം അതുല്യമാണ്. ജനീവ ഇന്റർനാഷണൽ ലേബർ കോൺഫറൻസിൽ ഇന്ത്യയുടെ പ്രതിനിധിയായി അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ "മൈ പ്രസിഡൻഷ്യൽ ഇയേഴ്സ്" എന്ന പുസ്തകം വളരെ പ്രസിദ്ധമാണ്. ബഹിരാകാശ രംഗത്തുള്ള അദ്ദേഹത്തിന്റെ വീക്ഷണം ഉൽപതിഷ്ണുത്വത്തെ കാണിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ഞാനും എന്റെ കക്ഷിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: ഭാരതത്തിന്റെ എട്ടാമത്തെ രാഷ്ട്രപതിയായിരുന്ന ആർ. വെങ്കട്ടരാമന്റെ വേർപാടിൽ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യയെ ഏറ്റവും ഉന്നത സ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. തൊഴിലാളി സ്നേഹിയും നയതന്ത്ര വിദഗ്ദ്ധനും നിയമജ്ഞനുമായിരുന്നു അദ്ദേഹം. ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ സജീവ രാഷ്ട്രീയത്തിലേക്ക് കടന്നു വന്ന അദ്ദേഹം ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് 1942 മുതൽ 1944 വരെ ജയിൽവാസം അനുഷ്ഠിക്കുകയുണ്ടായി. ഉപരാഷ്ട്രപതിയായി സേവനമനുഷ്ഠിച്ച അദ്ദേഹം രാഷ്ട്രപതി സ്ഥാനത്തേക്ക് ഉയർന്നു വന്നു. കേന്ദ്രമന്ത്രിസഭയിൽ ധനകാര്യവകുപ്പുമന്ത്രിയായും തൊഴിൽ വകുപ്പുമന്ത്രിയായും പ്രതിരോധ വകുപ്പുമന്ത്രിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1957 മുതൽ 1967 വരെ മദിരാശി മന്ത്രിസഭയിൽ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസഭയിൽ 6 തവണ ഇന്ത്യൻ പ്രതിനിധി സംഘത്തിലെ അംഗമായിട്ടുണ്ട്. ഭരണ രംഗത്ത് പ്രതിസന്ധിയും അനശ്ചിതത്വവും ഒഴിവാക്കി കെട്ടുറപ്പുള്ളതും ശക്തവുമായ ഒരു ഗവൺമെന്റിന് രൂപം കൊടുക്കാൻ അവസരം ഉണ്ടാക്കാൻ അദ്ദേഹം നേതൃത്വം കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: ഏകകക്ഷി ഭരണത്തിൽനിന്നും കൂട്ടുകക്ഷി മന്ത്രിസഭയിലേയ്ക്കുള്ള പ്രയാണത്തിന്റെ സങ്കീർണ്ണമായ ഘട്ടത്തിലാണ് ആർ. വെങ്കട്ടരാമൻ പ്രസിഡന്റാകുന്നത്. മൂന്ന് പ്രധാനമന്ത്രിമാരെ അവരോധി

ക്കേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിന് വന്നുചേർന്നു. ഈ രാജ്യത്ത് പല ഉന്നതമായ പദവികളും അദ്ദേഹം അലങ്കരിച്ചു. തമിഴ്നാടിന്റെ വ്യവസായ ശിൽപ്പി എന്ന പേര് അദ്ദേഹത്തിന് വന്നുചേർന്നു. ധനകാര്യ വകുപ്പുമന്ത്രിയായും പ്രതിരോധ വകുപ്പുമന്ത്രിയായും നല്ല പ്രകടനമാണ് അദ്ദേഹം കാഴ്ചവച്ചത്. ഭരണഘടനയ്ക്ക് അനുകൂലമായി നിർണ്ണായക ഘട്ടത്തിൽ ഇന്ത്യയെ നയിച്ച ബഹുമാന്യനായ മുൻ പ്രസിഡന്റിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. എ.എ. അസീസ്</u>: അന്തരിച്ച മുൻ രാഷ്ട്രപതി ആർ. വെങ്കട്ടരാമന്റെ നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുകയാണ്. അദ്ദേഹം ഭരണഘടന തൊട്ടറിഞ്ഞ നേതാവായിരുന്നു. ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് പ്രതിസന്ധികൾ ഉണ്ടായ ഘട്ടങ്ങളിൽ ഭരണഘടനയെ മുറുകെപ്പിടിച്ചുകൊണ്ട് പ്രവർത്തിച്ച ആളായിരുന്നു. ക്വിറ്റ് ഇൻഡ്യാ സമര കാലഘട്ടത്തിൽ ജയിൽവാസം അനുഭവിച്ച് പുറത്തുവന്ന അദ്ദേഹം തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകൾക്ക് രൂപം നൽകുകയാണ് ചെയ്തത്. ഇൻഡ്യയ്ക്ക് നഷ്ടപ്പെട്ടത് ഭരണഘടനാ വിദഗ്ദ്ധനേയും രാജ്യസ്നേഹിയേയും കർഷക തൊഴിലാളിയുടെ ആരാധ്യപുരുഷനേയുമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u> അന്തരിച്ച മുൻ രാഷ്ട്രപതി ആർ. വെങ്കട്ടരാമന്റെ നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. രാഷ്ട്രീയ പ്രവർത്തനം എന്നുള്ളത് വാഗ്ദാനങ്ങളും പ്രഭാഷണങ്ങളുമല്ല പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനമാണ് എന്ന് അദ്ദേഹം തെളിയിച്ചു. അർപ്പണബോധത്തോടുകൂടിയുള്ള പ്രവർത്തനമാണ് അദ്ദേഹത്തെ

ഉപരാഷ്ട്രപതി പദവിയിലേയ്ക്കും രാഷ്ട്രപതി പദവിയിലേയ്ക്കും എത്തിച്ചത്. ഭരണഘടനയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും കുലീനത ഒട്ടും കൈവിടാതെയും പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി.സി. ജോർജ്: ആർ. വെങ്കട്ടരാമന്റെ നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുകയാണ്. ഭരണഘടനാനുസൃതമായ പ്രവർത്തനങ്ങളായിരുന്നു രാഷ്ട്രപതി എന്നുള്ളനിലയിൽ അദ്ദേഹം കൈക്കൊണ്ടത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവം അദ്ദേഹത്തിന്റെ ചൈന സന്ദർശനമായിരുന്നു. ജവഹർലാൽ നെഹ്റു ചൈനയുമായി ഉണ്ടാക്കിയെടുത്ത സുഹൃദ് ബന്ധത്തെ തകർത്തുകൊണ്ട് ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ നഷ്ടപ്പെട്ട സുഹൃത് ബന്ധം ഇണക്കിച്ചേർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി അദ്ദേഹം ചൈന സന്ദർശിച്ചു. ഒരു സുഹൃദ് രാഷ്ട്രത്തോട് കാണിക്കേണ്ട മാന്യമായ സമീപനമാണ് അദ്ദേഹം ഇതിലൂടെ പ്രകടിപ്പിച്ചത്. ഒരു ജനാധിപത്യ വിശ്വാസിയെയാണ് ആർ. വെങ്കട്ടരാമന്റെ നിര്യാണത്തോടുകൂടി നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: മുൻ രാഷ്ട്രപതി ആർ.വെങ്കട്ടരാമന്റെ നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുന്നു. അദ്ദേഹം പൊതുപ്രവർത്തനം ആരംഭിച്ചത് തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിയമ പാടവം ഭരണഘടനാ നിർമ്മാണ സമിതിക്ക് ഒരു മുതൽക്കൂട്ടായിരുന്നു. നിർണ്ണായക പ്രതിസന്ധികളിൽ രാജ്യത്തെ അനിശ്ചിതാവസ്ഥയിലേയ്ക്ക് നീങ്ങാൻ അനുവദിക്കാതെ

അദ്ദേഹം കുലീനമായ തീരുമാനങ്ങളെടുത്തു. വ്യവസായ വകുപ്പുമന്ത്രി എന്ന നിലയ്ക്ക് തമിഴ്നാടിന്റെ വ്യവസായ പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിക്കുകയും കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, എന്നീ നിലകളിൽ രാജ്യത്തിന് മഹത്തായ സംഭാവനകൾ നൽകുകയും ചെയ്തു. 1955 മുതൽ 1979 വരെ യു.എൻ. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അംഗമായിരിന്നു. ഉപരാഷ്ട്രപതിയായും രാഷ്ട്രപതി യായും മഹത്തായ സേവനങ്ങൾ നൽകിയ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭ രണ്ടു മിനിറ്റ് എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 09.35-ന് പിരിഞ്ഞു.